**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 589** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ(കേപ്പ്)</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** 2006 ൽ സഹകരണ വകുപ്പ് സ്ഥാപിച്ച കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ(കേപ്പ്) ന്റെ കീഴിൽ പുന്നപ്രയിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രിയ്ക്ക് വേണ്ടി അന്ന് ഡിസൈൻ ചെയ്ത പുതിയ 7 നില മന്ദിരം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** ഇതു സംബന്ധിച്ച പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** പുന്നപ്ര കേപ്പ് ക്യാമ്പസിലുള്ള സാഗര സഹകരണ ആശുപത്രി, സഹകരണ എഞ്ചിനീയറിംഗ് കോളേജ്, സഹകരണ എം ബി എ ഇൻസ്റ്റിറ്റ്യൂട്ട്, ഫിനിഷിംഗ് കോളേജ്, സഹകരണ ബി എസ് സി നേഴ്സിംഗ് കോളേജ് എന്നിവയുടെ ഓരോന്നിന്റെയും കഴിഞ്ഞ 5 വർഷത്തെ വാർഷിക വരവും ചെലവും അറിയിക്കുമോ;

**<u>മറുപടി:</u>** **<u>കോളേജ് ഓഫ് എഞ്ചിനീയറിംഗ് പുന്നപ്ര</u>**

| വർഷം | വരവ് | ചെലവ് | ലാഭം/ നഷ്ടം |
|---|---|---|---|
| 2020-21 | 3,13,73,568 | 7,76,95,478 | -4,63,21,910 |
| 2021-22 | 2,66,03,971 | 8,17,46,954 | -5,51,42,983 |
| 2022-23 | 3,30,02,608 | 8,42,92,787 | -5,12,90,179 |
| 2023-24 | 3,48,67,108 | 8,63,60,193 | -5,14,93,085 |
| 2024-25 | 4,20,04,918 | 8,66,58,016 | -4,46,53,098 |

**<u>എം.ബി.എ ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എം.റ്റി), പുന്നപ്ര</u>**

| വർഷം | വരവ് | ചെലവ് | ലാഭം/ നഷ്ടം |
|---|---|---|---|
| 2020-21 | 67,92,951 | 86,52,532 | 18,59,581 |

| | | | |
|---|---|---|---|
| 2021-22 | 90,20,752 | 1,01,65,932 | 11,45,180 |
| 2022-23 | 1,31,20,136 | 1,03,88,341 | 27,31,795 |
| 2023-24 | 91,02,842 | 93,44,737 | 2,41,895 |
| 2024-25 | 1,05,54,884 | 95,92,678 | 9,62,206 |

**ഫിനിഷിംഗ് കോളേജ് (കിംമ്പ്) പുന്നപ്ര**

| വർഷം | വരവ് | ചെലവ് | ലാഭം/ നഷ്ടം |
|---|---|---|---|
| 2020-21 | 52,52,30,106 | 24,58,399 | 27,71,707 |
| 2021-22 | 9,84,105 | 14,62,806 | -4,78,701 |
| 2022-23 | 74,74,342 | 71,89,021 | 2,85,321 |
| 2023-24 | 35,22,707 | 39,59,455 | -4,36,748 |
| 2024-25 | 31,31,992 | 36,08,483 | -4,76,491 |

**സാഗര ആശുപത്രി, പുന്നപ്ര**

| വർഷം | വരവ് | ചെലവ് | ലാഭം/ നഷ്ടം |
|---|---|---|---|
| 2020-21 | 13,22,70,143 | 15,85,96,291 | -2,63,26,148 |
| 2021-22 | 13,59,26,301 | 15,69,01,148 | -2,09,74,847 |
| 2022-23 | 13,29,46,638 | 15,68,26,563 | -2,38,79,925 |
| 2023-24 | 12,65,87,863 | 15,03,72,650 | -2,37,84,787 |
| 2024-25 | 12,48,00,983 | 14,76,08,346 | -2,28,07,363 |

**കോളേജ് ഓഫ് നഴ്സിംഗ് കോളേജ്, പുന്നപ്ര**

| വർഷം | വരവ് | ചെലവ് | ലാഭം/ നഷ്ടം |
|---|---|---|---|
| 2023-24 | 43,62,901 | 52,00,931 | -8,38,030 |
| 2024-25 | 94,05,221 | 77,32,511 | 16,72,710 |

**(സി)** സാഗര സഹകരണ ആശുപത്രിയിലെ ബൈ-ലോയിലെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിപരീതമായി കേപ്പ് ഡയറക്ടറും ആശുപത്രി അധികാരികളും വർദ്ധിപ്പിച്ച ചികിത്സാ ഫീസുകൾ കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ച കാലം മുതൽ മത്സ്യത്തൊഴിലാളി, കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ സ്ത്രീകൾക്കും കുട്ടികൾക്കും ചികിത്സാ ചെലവിന്റെ 25% കിഴിവ് നൽകിപോരുന്നു. ആശുപത്രിയിലെ ഒ.പി കൺസൾട്ടൻസി നിരക്കും വിവിധ പരിശോധന നിരക്കും സർജറി നിരക്കും 2010 കാലയളവിലേതിൽ നിന്നും മിതമായ നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. റിപ്പയറിംഗ് ചെലവും അനുദിനം വർദ്ധിച്ച് വരുന്ന മരുന്നുകളുടെ വിലയും മറ്റ് ബന്ധപ്പെട്ട സാമഗ്രികളുടെ വില വർദ്ധനവും കാലപ്പഴക്കം കൊണ്ടുള്ള ജീവൻരക്ഷാ ഉപകരണങ്ങളുടെ വാർഷിക പരിപാലന ചെലവും മറ്റും ആണ് ഇത്തരത്തിൽ ചാർജ് വർദ്ധിപ്പിക്കാൻ നിർബന്ധിതമായത്. എന്നിരുന്നാലും മറ്റ് സ്വകാര്യ ആശുപത്രികളുടെ നിരക്കിനേക്കാൾ വളരെ കുറവാണ് ഈ ആശുപത്രിയിലെ നിരക്കുകൾ. കഴിഞ്ഞ കുറേ വർഷങ്ങളായി 2 കോടിയിലധികം രൂപയുടെ വാർഷിക നഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ നിലവിലുള്ള മിതമായ നിരക്കുകൾ വീണ്ടും കുറയ്ക്കുന്നത് ഗുണകരമായിരിക്കില്ല.

**(ഡി)** ജീവനക്കാരുടെയും ഡോക്ടർമാരുടെയും നേഴ്സിംഗ് സ്റ്റാഫിൻെറയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുമോ?

**<u>മറുപടി:</u>** പുന്നപ്രയിലെ സാഗര ആശുപത്രിയിൽ സംസ്ഥാന സർക്കാർ നിരക്കിൽ ശമ്പളം ലഭിക്കുന്ന സ്ഥിരം ജീവനക്കാരും കരാർ അടിസ്ഥാനത്തിലും ദിവസവേതനടിസ്ഥാനത്തിലുമുള്ള ജീവനക്കാരും കരാർ അടിസ്ഥാനത്തിലുള്ള ജൂനിയർ ഡോക്ടർമാരും സീനിയർ ഡോക്ടർമാരുമുണ്ട്. സർക്കാർ ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരം ജീവനക്കാരുടെ ശമ്പളം 01.01.2021 മുതൽ പ്രാബല്യത്തിൽ 15.03.2026ലെ സ.ഉ.(കൈ).13/2026/Coop പ്രകാരം പരിഷ്കരിച്ചിട്ടുണ്ട് (അനുബന്ധം-1). സാഗരയിലെ ദിവസതേന/കരാർ ജീവനക്കാരുടെ ശമ്പളം 15.03.2026ലെ സ.ഉ(സാധാ).177/2026/Coop പ്രകാരം (അനുബന്ധം-2) 15.03.2026 പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ജൂനിയർ ഡോക്ടർമാരുടെ കരാർ വേതനം 13.03.2026 ലെ കേപ്പ് ഡയറക്ടറുടെ നടപടിക്രമം പ്രകാരം (അനുബന്ധം-3) 15.03.2026 പ്രാബല്യത്തിൽ പരിഷ്കരിച്ചു. സീനിയർ ഡോക്ടർമാരുടെ സേവനവേതന വ്യവസ്ഥകൾ കാലാകാലങ്ങളിൽ ആശുപത്രി അഡ്മിനിസ്ട്രേറ്ററുമായി ചർച്ച ചെയ്ത് പരിഷ്കരിക്കുകയാണ് ചെയ്തു വരുന്നത്.

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) - സ്ഥിരം അനധ്യാപക ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.13/2026/Co-Op തീയതി,തിരുവനന്തപുരം, 15-03-2026

പരാമർശം:-
1. 02.09.2017 ലെ സ.ഉ.(കൈ)നം.33/2017/സഹ ഉത്തരവ്.
2. 10.02.2021 ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവ്.
3. കേപ്പ് ഡയറക്ടറുടെ 19.04.2025, 25.07.2025 തീയതികളിലെ CAPEHO/182/2021-A(E2)1550 നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (CAPE) കീഴിലെ സ്ഥിരം അനധ്യാപക ജീവനക്കാരുടെ പത്താം ശമ്പള പരിഷ്കരണം 01/01/2016 മുതൽ പ്രാബല്യത്തിൽ നടപ്പാക്കിയിരുന്നു. തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണത്തിന് അനുസൃതമായി കേപ്പിലെ അനധ്യാപക ജീവനക്കാരുടെ ശമ്പളവും അലവൻസുകളും 01/01/2021 മുതൽ പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ CAPE ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പത്താം ശമ്പള പരിഷ്കരണം പ്രകാരം അനുവദിച്ച തസ്തികകളും സർക്കാർ ഉത്തരവ് പ്രകാരം ക്രമപ്രകാരം സൃഷ്ടിച്ച തസ്തികകളും മാത്രം ഉൾപ്പെടുത്തിയും ക്രമപ്രകാരമല്ലാതെ സൃഷ്ടിച്ച തസ്തികകൾ ഒഴിവാക്കിയും കേപ്പിലെ സ്ഥിരം അനധ്യാപക ജീവനക്കാർക്ക് പരാമർശം (2) ഉത്തരവിന്റേയും താഴെ പരാമർശിക്കും പ്രകാരമുള്ള നിബന്ധനകളുടെയും അടിസ്ഥാനത്തിൽ 01.01.2021 മുതൽ പ്രാബല്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണം ചുവടെ ചേർക്കും പ്രകാരം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച സ്കെയിൽ |
|---|---|---|---|---|
| 1 | ഫിനാൻസ് ഓഫീസർ | 2 | 35700-75600 | 50200-105300 |
| 2 | ജൂനിയർ സൂപ്രണ്ട് | 9 | 30700-65400 | 43400-91200 |
| 3 | അസിസ്റ്റന്റ് ഗ്രേഡ് I | 32 | 25200-54000 | 35600-75400 |
| 4 | അസിസ്റ്റന്റ് ഗ്രേഡ് II | 32 | 19000-43600 | 26500-60700 |
| 5 | ടൈപ്പിസ്റ്റ് /ക്ലാർക്ക് | 1 | 19000-43600 | 26500-60700 |

| | | | | |
|---|---|---|---|---|
| 6 | റിക്കാർഡ് ക്ലാർക്ക് | 1 | 18000-41500 | 25100-57900 |
| 7 | ക്ലറിക്കൽ അസിസ്റ്റന്റ് | 6 | 17000-37500 | 23700-52600 |
| 8 | ലൈബ്രേറിയൻ ഗ്രേഡ് I | 2 | 40500-85000 | 56500-118100 |
| 9 | ലൈബ്രേറിയൻ ഗ്രേഡ് II | 3 | 35700-75600 | 50200-105300 |
| 10 | ലൈബ്രേറിയൻ ഗ്രേഡ് III | 9 | 30700-65400 | 43400-91200 |
| 11 | ലൈബ്രേറിയൻ ഗ്രേഡ് IV | 12 | 22200-48000 | 31100-66800 |
| 12 | ലൈബ്രറി അസിസ്റ്റന്റ് | 1 | 17000-37500 | 23700-52600 |
| 13 | സിസ്റ്റം അനലിസ്റ്റ് | 1 | 42500-87000 | 59300-120900 |
| 14 | കമ്പ്യൂട്ടർ പ്രോഗ്രാമർ HG | 2 | 40500-85000 | 56500-118100 |
| 15 | കമ്പ്യൂട്ടർ പ്രോഗ്രാമർ | 3 | 39500-83000 | 55200-115300 |
| 16 | ടെക്നിക്കൽ അസിസ്റ്റന്റ് | 1 | 40500-85000 | 56500-118100 |
| 17 | അസിസ്റ്റന്റ് എഞ്ചിനീയർ | 4 | 39500-83000 | 55200-115300 |
| 18 | സൂപ്പർവൈസർ (ഇലക്ട്രിക്കൽ ) | 2 | 20000-45800 | 27900-63700 |
| 19 | സൈറ്റ് സൂപ്പർവൈസർ (സിവിൽ) | 1 | 20000-45800 | 27900-63700 |
| 20 | ഇലക്ട്രീഷ്യൻ കം പ്ലംബർ | 6 | 18000-41500 | 25100-57900 |
| 21 | ഇൻസ്ട്രക്ടർ ഗ്രേഡ് I | 22 | 39500-83000 | 55200-115300 |
| 22 | ഇൻസ്ട്രക്ടർ ഗ്രേഡ് II | 23 | 27800-59400 | 39300-83000 |
| 23 | ട്രേഡ് ഇൻസ്ട്രക്ടർ സീനിയർ ഗ്രേഡ് | 16 | 29200-62400 | 41300-87000 |
| 24 | ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് I | 16 | 27800-59400 | 39300-83000 |
| 25 | ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II | 50 | 25200-54000 | 35600-75400 |
| 26 | ട്രേഡ്സ്മാൻ | 66 | 19000-43600 | 26500-60700 |
| 27 | മെക്കാനിക് | 2 | 17500-39500 | 24400-55200 |
| 28 | ഡ്രൈവർ കം അറ്റൻഡർ /അറ്റൻഡർ കം ഡ്രൈവർ | 8 | 18000-41500 | 25100-57900 |
| 29 | അറ്റൻഡർ കം റിസപ്ഷനിസ്റ്റ് | 1 | 17000-37500 | 23700-52600 |
| 30 | പ്യൂൺ /വാച്ച്മാൻ | 20 | 16500-35700 | 23000-50200 |
| 31 | സ്വീപ്പർ കം ഗാർഡനർ | 1 | 16500-35700 | 23000-50200 |
| 32 | പാർട്ട് ടൈം സ്വീപ്പർ | 5 | 8200-13340 | 11500-18940 |

<u>ഹോസ്പിറ്റൽ സ്റ്റാഫ്</u>

| നം | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | നിലവിലുള്ള സ്കെയിൽ | പരിഷ്കരിച്ച സ്കെയിൽ |
|---|---|---|---|---|
| 1 | ഹെഡ് നേഴ്സ് | 1 | 32300-68700 | 45600-95600 |
| 2 | സ്റ്റാഫ് നേഴ്സ് | 43 | 27800-59400 | 39300-83000 |
| 3 | ഫാർമസിസ്റ്റ് | 7 | 22200-48000 | 31100-66800 |
| 4 | റേഡിയോഗ്രാഫർ | 3 | 22200-48000 | 31100-66800 |

| | | | | |
|---|---|---|---|---|
| 5 | ലാബ് ടെക്നീഷ്യൻ | 7 | 22200-48000 | 31100-66800 |
| 6 | ഇ.സി.ജി ടെക്നീഷ്യൻ | 3 | 19000-43600 | 26500-60700 |
| 7 | അനസ്തീഷ്യ ടെക്നീഷ്യൻ | 3 | 19000-43600 | 26500-60700 |
| 8 | മെഡിക്കൽ റിക്കാർഡ് കീപ്പർ | 1 | 19000-43600 | 26500-60700 |
| 9 | ഡയാലിസിസ് ടെക്നീഷ്യൻ | 1 | 19000-43600 | 26500-60700 |
| 10 | നേഴ്സിംഗ് അസിസ്റ്റന്റ് | 15 | 17000-37500 | 23700-52600 |
| 11 | ഹെൽപ്പർ | 1 | 16500-35700 | 23000-50200 |
| | TOTAL | 445 | | |

<u>നിബന്ധനകൾ</u>

1. മേൽ ശമ്പള പരിഷ്കരണം 01.01.2021 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 01.01.2021-ന് 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്കരിച്ച സ്കെയിലിൽ 01.01.2021 ലെ ക്ഷാമബത്ത 7% ആയിരിക്കുന്നതുമാണ്.

3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021-ലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

4. 10.02.2021 ലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.

5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12, 13-ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. കേപ്പിലെ സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.

6. കേപ്പിലെ സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.

7. ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് അനുവദിച്ച് വരുന്ന സ്പെഷ്യൽ അലവൻസ് 10.02.2021 ലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 2 0 പ്രകാരമുള്ള വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്.

8. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ/മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.

9. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

10. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.

12. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

13. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

14. ഇ.പി.എഫ്-ലേക്കുള്ള പരമാവധി തൊഴിലുടമാവഹിതം 15000 (Basic pay + DA) രൂപയുടെ 12% ആയിരിക്കും.

15. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

16. താൽകാലിക/കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. കരാർ/ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ G.O.(P)No.28/2016/Fin dtd 26.02.2016, G.O.(P)No.81/2019/Fin dtd 09.07.2019 എന്നീ ഉത്തരവുകളിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം. അത്തരം ജീവനക്കാർക്ക് കാലാകാലങ്ങളിൽ ദിവസവേതന/കരാർ ജീവനക്കാരുടെ വേതനവർദ്ധനവ് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമുള്ള വേതനത്തിന് മാത്രമാണ് അർഹതയുണ്ടായിരിക്കുക. താല്കാലിക/കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

17. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേപ്പിലെ

ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.

18. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ കേപ്പിൽ നടപ്പാക്കാൻ പാടില്ല.

19. ശമ്പള പരിഷ്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത കേപ്പ് സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല.

20. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് സഹകരണ അക്കാദമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷൻ ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

21. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22.10.2001 ലെ സ.ഉ.(പി) നം.1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.

22. അടുത്ത ശമ്പള പരിഷ്കരണത്തിന് മുമ്പ് തന്നെ കേപ്പിൽ, സർക്കാർ അംഗീകൃത റിക്രൂട്ട്മെന്റ് റൂൾ, സ്റ്റാഫ് പാറ്റേൺ, സ്പെഷ്യൽ റൂൾ എന്നിവ നടപ്പിൽ വരുത്തേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വീണ എൻ മാധവൻ ഐ എ എസ്
സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
ഡയറക്ടർ കേപ്പ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.3984, തിയതി: 14-03-2026)
ധനകാര്യ (അഗ്രി-സി) വകുപ്പ് (11.03.2026 ലെ 3146217/Agri-C1/95/2025-FIN കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ വെബ് ആൻഡ് ന്യൂ മീഡിയ, I&PRD
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - കോപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)- കരാർ/ദിവസവേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് - അനുമതി നൽകി ഉത്തരവാകുന്നു.

---

**സഹകരണ(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.177/2026/Co-Op തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. 18-05-2022 ലെ സ.ഉ.(സാധാ) നം.346/2022/Co-Op നമ്പർ ഉത്തരവ്.
2. 10.11.2025 ൽ ചേർന്ന 188 -ാമത് CAPE എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെ 188.4.24-ാം നമ്പർ തീരുമാനം
3. CAPE ഡയറക്ടറുടെ 02.02.2026-ലെ CAPEHO/540/2025-(AE2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം CAPEലെ 9 എഞ്ചിനീയറിംഗ് കോളേജുകൾ, എം.ബി.എ കോളേജ്, Skill and Knowledge Development Centre (SKDC), സാഗര ആശുപത്രി എന്നിവിടങ്ങളിലെ എല്ലാ കരാർ/ദിവസവേതന ജീവനക്കരുടെയും സംസ്ഥാന സർവിസിൽ നിന്നും വിരമിച്ച ശേഷം കരാർ വ്യവസ്ഥയിൽ CAPE സർവിസിൽ ജോലിചെയ്യുന്നവരുടെയും വേതനം വർധിപ്പിച്ച് ഉത്തരവായിരുന്നു.

2) കോപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ(CAPE) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 188-ാമത് യോഗത്തിന്റെ പരാമർശം (2) തീരുമാന പ്രകാരം CAPE ലെ കരാർ - ദിവസ വേതന ജീവനക്കാരുടെ വേതനം പരമാവധി 25 ശതമാനം വരെ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ CAPE ഡയറക്ടർ പ്രൊപോസൽ പരാമർശം-3 പ്രകാരം സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കരാർ/ദിവസ വേതന നിയമനം സംബന്ധിച്ച് ധനകാര്യ വകപ്പ് പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവുകളിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ടും സർക്കാർ ഇതിനായി യാതൊരു വിധ സാമ്പത്തിക സഹായവും അനുവദിക്കില്ലായെന്ന വ്യവസ്ഥയിലും CAPEലെ കരാർ/ദിവസ വേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. ഡയറക്ടർ, കേപ്പ്, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
4. ധനകാര്യ(Agri-C) വകുപ്പ് (343425/Agri-C1/25/2026-FIN Dated 12/03/2026)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
6. ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പിഎസ്
2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സിഎ

DESPATCHED 24/3/2...

# CO-OPERATIVE ACADEMY OF PROFESSIONAL EDUCATION

(Established by the Government of Kerala)

## PROCEEDINGS

CAPE - Estt. – Sagara Hospital Punnapra – Enhancement of remuneration of Junior Medical Officers – Sanctions accorded- Orders issued.

No.CAPEHO/611/2023-A1(E4) /627 (A) Dated, Thiruvananthapuram.13-03-2026

Read:1. This Office proceedings No.CAPEHO/611/2023-A19E4) dated.07.11.2023 of Director,CAPE.

2. Letter No.SH/B1/957/23 dated.11.9.2025 of the Secretary, Sagara Hospital Punnapra, Alappuzha.

3. Minutes of the 188th Executive Committee Meeting of CAPE held on 10-11-2026 and its action taken report.

As per the decision of the 188th Executive Committee, in-principle approval was accorded for the revision of remuneration of contract and daily wage employees in CAPE institutions, including Sagara Hospital.

In this regard, a slab-based salary revision was proposed, taking into account the financial position of CAPE. However, Casualty Doctors of Sagara Hospital were exempted from this ceiling in view of the critical nature of their duties, the shortage of qualified personnel, and the necessity to ensure uninterrupted emergency medical services.

Further, the Secretary, Sagara Hospital, Punnapra, vide the letter 2nd cited, has requested a salary enhancement for Junior Doctors. Accordingly, it was proposed to revise the remuneration of Casualty Doctors who are presently drawing a monthly remuneration in the range of ₹50,000/- to ₹60,000/-.

## ORDER

In the circumstances stated above, sanction is hereby accorded to revise the remuneration of Casualty Doctors working in Sagara Hospital to ₹60,000/- (Rupees Sixty Thousand only) per month with effect from 15-03-2026, as approved by the188th Executive Committee of CAPE and reported in its Action Taken Report.

The Administrator, Sagara Hospital, shall take necessary action for the implementation of this order.

DIRECTOR

To,

1.The Secretary,Sagara Hospital Punnapra

2.S/F